II ഇ.ബി. XIII- കേരള നിയമസഭ/XI-9

പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

ചോദ്യോത്തരങ്ങൾ – സംഗ്രഹം

2014 ജൂൺ 19, വ്യാഴം

നിയമസഭ രാവിലെ 8.30–ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. ജി. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

27(*241) <u>സ്പീഡ് കേരള പദ്ധതി</u>

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്) നൽകിയ മറുപടിയിൽ, തെരഞ്ഞെടുക്കപ്പെട്ട സ്ഥലങ്ങളിൽ ഫ്ളൈ ഓവറുകളും പാലങ്ങളും റിംഗ് റോഡുകളും നിർമ്മിച്ച് സംസ്ഥാനത്ത് രൂക്ഷമായിക്കൊണ്ടിരിക്കുന്ന ഗതാഗത കുരുക്കിന് പരിഹാരം കാണുകയെന്നതാണ് സ്പീഡ് കേരള പദ്ധതിയിലൂടെ വിഭാവന ചെയ്തിരിക്കുന്നതെന്നും ഇതിനായി 6000 കോടി രൂപ ചെലവുണ്ടാകുമെന്നും സഭയെ അറിയിച്ചു. പദ്ധതിയുടെ ആദ്യഘട്ടമായി അംഗീകാരം നൽകിയ 23 പദ്ധതികളിൽ 10 എണ്ണത്തിന് ഭരണാനുമതി നൽകുകയും ബാക്കിയുള്ള പദ്ധതികൾക്ക് ഉടൻ തന്നെ ഭരണാനുമതി നൽകുന്നതുമാണ്. കേന്ദ്ര ധനസഹായം പ്രതീക്ഷിക്കുന്ന സ്പീഡ് കേരള പദ്ധതി സർക്കാർ ഗ്യാരണ്ടിയുടെ അടിസ്ഥാനത്തിൽ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള ദീർഘകാല വായ്പയും കെ.ആർ.എഫ്.ബി.യുടെ ഫണ്ടും ഉപയോഗിച്ച് ടോൾ പിരിവില്ലാതെ നടപ്പിലാക്കുന്നതിനാണ് ഉദ്ദേശി

ക്കുന്നത്. സംസ്ഥാന സർക്കാരിന്റെ മിഷൻ 676, പതാക നൗക പദ്ധതിക ളിൽ ഉൾപ്പെടുത്തിയിട്ടുള്ള ഈ പദ്ധതിക്ക് ആവശ്യമെങ്കിൽ ടാസ്ക് ഫോഴ്സ് രൂപീകരിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്. ഗുണനിലവാരം നിലനിർത്തിയും ഭൂമി ഏറ്റെടുക്കൽ പരമാവധി ഒഴിവാക്കിയും അത്യന്താധു നിക സൗകര്യങ്ങളുപയോഗിച്ച് നടപ്പിലാക്കുന്ന ഈ പദ്ധതിയിൽ കോർ റോഡ് നെറ്റ് വർക്കിൽ ഉൾപ്പെട്ട റോഡുകളെക്കൂടി ഉൾക്കൊള്ളിക്കുന്നതാണ്. നെഗോഷ്യേറ്റ് പർച്ചേസ് വഴി ഭൂമി ഏറ്റെടുക്കുന്നതിന് അധികാരം നൽകുന്ന കാര്യം ചർച്ച ചെയ്ത് തീരുമാനിക്കുന്നതാണ്. തൃശ്ശൂർ ജില്ലയിൽ സ്പീഡ് കേരളയിൽ ഉൾപ്പെട്ട പദ്ധതികളുടെ പ്രോജക്ട് തയ്യാറാക്കുമ്പോൾ ബന്ധപ്പെട്ട ജനപ്രതിനിധികളുടെ സഹകരണം ഉറപ്പാക്കണമെന്ന് നിർദ്ദേശം കൊടുത്തി ട്ടുണ്ട്. ശബരിമലയുമായി ബന്ധപ്പെട്ട എരുമേലി-കാഞ്ഞിരപ്പള്ളി റോഡിന്റെ ഹെവി മെയിന്റനൻസിന് പ്രത്യേക പരിഗണന കൊടുക്കുന്നതും ഇടുക്കി-തൊടുപുഴ സമാന്തര പാതയുടെ ഡി.പി.ആർ. പൂർത്തിയാകുന്ന മുറയ്ക്ക് ഭരണാനുമതി നൽകുന്നതുമാണ്. കഞ്ഞിക്കുഴി-കറുകച്ചാൽ റോഡ് നെടുങ്ങാടപ്പള്ളിയിലേയ്ക്ക് നീട്ടുന്നകാര്യം പരിഗണിക്കുന്നതും മിഷൻ 676-ൽ ഉൾപ്പെടുത്തിയിട്ടുള്ള ചേലക്കര ബൈപ്പാസ് നിർമ്മാണത്തിന്റെ ഫോളോ അപ് പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതുമാണ്. താറുമാറായി കിടക്കുന്ന കാസർഗോഡ്-കാഞ്ഞങ്ങാട് റോഡിന്റെയും കൊട്ടാരക്കര റിംഗ് റോഡിന്റെയും നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കുന്നതാണ്. അങ്കമാലി ബൈപ്പാസ് നിർമ്മാണം ബി.ഒ.ടി. അടിസ്ഥാനത്തിൽ പൂർത്തീകരി ക്കുന്നതിനെക്കുറിച്ച് ആലോചിക്കുന്നതാണെന്നും കാപ്പാട്-തുഷാരഗിരി ദേശീയ പാതയുടെയും മലാപ്പറമ്പ് ഫ്ളൈ ഓവറിന്റെയും നിർമ്മാണത്തിന്

പ്രത്യേക പരിഗണന കൊടുക്കുന്നതാണെന്നും കോഴിക്കോട് ബൈപ്പാസ് നിർമ്മാണത്തിനും കോരപ്പുഴയിലുൾപ്പെടെ രണ്ട് പാലങ്ങളുടെ നിർമ്മാണ ത്തിനും തീരുമാനമെടുത്തിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു. പൊതുമരാമത്ത് വകുപ്പിൽനിന്നും പ്രൊപ്പോസൽ ലഭ്യമാ കുന്ന മുറയ്ക്ക് മട്ടാഞ്ചേരി ഹാർബർ പാലത്തിന്റെ പൈതൃകം നില നിർത്തിക്കൊണ്ടുള്ള അറ്റകുറ്റപ്പണികൾക്ക് ആവശ്യമായ നാടൻ തമ്പകം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന് ഉപചോദ്യത്തിൽ ഇടപെട്ടുകൊണ്ട് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനി മയും വകുപ്പുമന്ത്രി അറിയിച്ചു.

**28 (*242)** <u>സപ്ലൈകോ ടെണ്ടർ നടപടികൾ</u>

ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേ ഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്) നൽകിയ മറുപടിയിൽ,

സപ്ലൈകോയിൽ നടക്കുന്ന ടെണ്ടറുകളിൽ ഉദ്യോഗസ്ഥരും കരാറുകാരും ഒത്തുകളിയിലൂടെ ക്രമക്കേട് നടത്തുന്നുണ്ടെന്നുള്ള പത്രവാർത്തകൾ ശ്രദ്ധ യിൽപ്പെട്ടിട്ടുണ്ടെന്നും അത്തരം ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതാണെന്നും സഭയെ അറിയിച്ചു. ഇ – ടെണ്ടറിൽ ടെണ്ടർ ദിനത്തിലെ വിപണി വില ശേഖരിച്ച് കരാറുകാർ രേഖപ്പെടുത്തുന്ന വിലയു മായി താരതമ്യം ചെയ്യുകയും ഉയർന്ന വില രേഖപ്പെടുത്തിയതായി കാണുന്ന കരാറുകാരുമായി നെഗോസിയേഷൻ നടത്തി വില കുറപ്പിക്കുകയും നിരക്ക് കുറയ്ക്കാൻ തയ്യാറാകാത്ത സാഹചര്യത്തിൽ ഇവ റീ ടെണ്ടർ ചെയ്യുകയോ മാറ്റിവയ്ക്കുകയോ ചെയ്യാറുമുണ്ട്. വിതരണം ചെയ്യുന്ന സാധനങ്ങളുടെ ഗുണമേന്മ സംബന്ധിച്ച് സംശയം തോന്നുന്ന

പക്ഷം ഇവ കോന്നിയിലെ CFRD ലബോറട്ടറിയിൽ ശാസ്ത്രീയ പരിശോധനയ്ക്ക് വിധേയമാക്കുകയും പരിശോധനാ ഫലം തൃപ്തികരമല്ലെങ്കിൽ പെനാൽറ്റി ഈടാക്കി ബാക്കി തുക ബന്ധപ്പെട്ട കരാറുകാർക്ക് തിരികെ നൽകുകയും ചെയ്യുന്നു. കൺസ്യൂമർ ഫെഡ് തുക നൽകാത്തതു മൂലം സാമ്പത്തിക പരിമിതിയിലായ കരാറുകാർക്ക് ടെണ്ടറിൽ പങ്കെടുക്കാൻ കഴിയുന്നില്ലെന്ന വാർത്തയുടെ അടിസ്ഥാനത്തിൽ വകുപ്പുതല അന്വേഷണം നടത്തുന്നതിന് നിർദ്ദേശം കൊടുക്കുകയും അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ നടപടി സ്വീകരിക്കുന്നതുമാണ്. മലബാറിലെ എഫ്.സി.ഐ.ഗോഡൗണിൽ നിലനിൽക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നിർദ്ദേശം കൊടുത്തിട്ടുണ്ടെന്നും ലാഭം മാർക്കറ്റിലൂടെ നിത്യോപയോഗ സാധനങ്ങളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്നും തദ്ദേശഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ മാവേലി സ്റ്റോറുകളില്ലാത്ത പഞ്ചായത്തുകളിൽ അവ ആരംഭിക്കുന്നതിന് മുൻഗണന നൽകുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

## 29(*243) <u>സ്കൂളുകളിൽ വിദ്യാർത്ഥികളുടെ വിവരങ്ങൾ ഡിജിറ്റൈസ് ചെയ്യുന്നതിനുള്ള സംവിധാനം</u>

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്) നൽകിയ മറുപടിയിൽ, കെൽട്രോൺ, എൻ.ഐ.സി. എന്നീ ഏജൻസികളുടെ സഹകരണത്തോടെ ഐ.ടി.@ സ്കൂളിന്റെ നേതൃത്വത്തിൽ സംസ്ഥാനത്തെ മുഴുവൻ സ്കൂളുകളിലെയും വിദ്യാർത്ഥികൾ, അടിസ്ഥാനസൗകര്യങ്ങൾ, ആധാർ പ്രകാരമുള്ള വിവരങ്ങൾ, വിദ്യാഭ്യാസ മേഖലയുമായി ബന്ധപ്പെട്ട വിവരങ്ങൾ എന്നിവ കമ്പ്യൂട്ടറൈസ് ചെയ്യുന്നതിനായി ഓൺലൈനായി ശേഖരിച്ചു

വരുന്നതായും വിദ്യാർത്ഥികളുടെ വിവിധതരം സ്കോളർഷിപ്പ്, ഐ.ഇ.ഡി. വിഭാഗത്തിലുള്ള സ്കോളർഷിപ്പ്, എസ്.എസ്.എൽ.സി. പരീക്ഷയുടെ 'എ' ലിസ്റ്റ് ശേഖരണം തുടങ്ങിയവ ഇതിൽ ഉൾപ്പെടുന്നതായും സഭയെ അറിയിച്ചു. വിദ്യാർത്ഥികളുടെ ആരോഗ്യപരമായ കാര്യങ്ങൾകൂടി ഡിജിറ്റൈസേഷനിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. എസ്.എസ്.എ. ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് സംസ്ഥാനത്തെ റിസോഴ്സ്/പ്രീപ്രൈമറി അദ്ധ്യാപകരുടെ സേവന–വേതന വ്യവസ്ഥകൾ പരിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന് ഉപചോദ്യത്തിന് മറുപടിയായി മന്ത്രി അറിയിച്ചു. ഡിജിറ്റൈസേഷൻ നടപ്പാക്കുന്ന ഏജൻസികളെ വിവര ശേഖരണത്തിന് മാത്രമാണ് നിയോഗിച്ചിരിക്കുന്നതെന്നും ശേഖരിക്കുന്ന വിവരങ്ങൾ അതാത് വകുപ്പുകളിൽ ഭദ്രമായി സൂക്ഷിക്കുന്നതിന് സംവിധാനമേർപ്പെടുത്തിയിട്ടുണ്ടെന്നും ഉപചോദ്യത്തിൽ ഇടപെട്ടുകൊണ്ട് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി അറിയിച്ചു.

**30(*244) <u>പൊതുവിദ്യാഭ്യാസ മേഖല നേരിടുന്ന തകർച്ച</u>**

വിദ്യാഭ്യാസ വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, സർക്കാർ മേഖലയിൽ 2413–ഉം എയ്ഡഡ് മേഖലയിൽ 2724 –ഉം ഉൾപ്പെടെ ആദായകരമല്ലാത്ത 5137 സ്കൂളുകൾ സംസ്ഥാനത്തുണ്ടെന്ന് തിട്ടപ്പെടുത്തിയിട്ടുള്ളതായും വിദ്യാഭ്യാസ വകുപ്പ് നിഷ്കർഷിക്കുന്ന മാനദണ്ഡങ്ങൾ പാലിക്കുന്ന സ്കൂളുകൾക്ക് മാത്രമാണ് സി.ബി.എസ്.ഇ, ഐ.സി.എസ്.ഇ അംഗീകാരം നേടലിനു വേണ്ടിയുള്ള നിരാക്ഷേപ സാക്ഷ്യപത്രം നൽകിയിട്ടുള്ളതെന്നും സഭയെ അറിയിച്ചു. വിവിധ സ്രോതസ്സുകളിൽനിന്നുള്ള

സാമ്പത്തിക സഹായത്തോടെ  നിയോജക മണ്ഡലാടിസ്ഥാനത്തിൽ ചുരുങ്ങിയത് ഒരു സ്കൂളെങ്കിലും അന്താരാഷ്ട്ര നിലവാരമുള്ളതാക്കി മാറ്റുന്നതിനുവേണ്ടിയുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നതായി ഉപചോദ്യത്തിന് മറുപടിയായി മന്ത്രി അറിയിച്ചു.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത ........ മുതൽ ..........വരെയുള്ള ചോദ്യങ്ങളിൽ ..........എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം മറുപടി നൽകി)